SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–14/10/2023.

1. കൃഷി വകുപ്പ് ഫാമുകളെ കാർബൺ തുലിതമാക്കുന്നതിനും ചെറുധാന്യങ്ങളുടെ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഐ ഐ എം ആറുമായി ധാരണാപത്രം ഒപ്പുവച്ചു. കൃഷിവകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട 13 ഫാമുകളെ കാർബൺ തുലിത കൃഷി ഫാമുകളായി ഉയർത്തുന്നതിനുള്ള ദ്വിദിന സംസ്ഥാനതല ശില്പശാലയുടെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിച്ചു. വിവിധ മാർഗങ്ങളിലൂടെ കാർബൺ ബഹർഗമനം കുറക്കുക എന്ന ആശയത്തിൽ കാർബൺ തുലിതമായ ഇന്ത്യയിലെ ആദ്യ ഫാമായി ആലുവ വിത്തുല്പാദന കേന്ദ്രത്തെ ഉയർത്തുകയും തുടർന്ന് സംസ്ഥാനത്തെ 13 ഫാമുകളെ കൂടി കാർബൺ തുലിതമാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകുന്നതിന്റെ ഭാഗമായാണ് ദ്വിദിന ശില്പശാല ആലുവയിൽ സംഘടിപ്പിച്ചതെന്ന് മന്ത്രി പറഞ്ഞു. പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷി വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ചെറുധാന്യങ്ങളുടെ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധാരണപത്രം കൃഷി വകുപ്പ് ഡയറക്ടർ കെ എസ് അഞ്ജു ഐഎഎസും ഐഐഎംആർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബി ദയാകർ റാവുവും ചേർന്ന് ഒപ്പുവച്ചു. കേരളജനതയുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് പോഷകസമൃദ്ധി മിഷൻ രൂപീകരിച്ചു നടപ്പിലാക്കി വരുന്നു. പോഷക സമൃദ്ധമായ സുരക്ഷിത ഭക്ഷണം എന്ന ലക്ഷ്യത്തോടെ ഉല്പാദന മേഖല മുതൽ വിപണന മേഖല വരെ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നതും പോഷകസമൃദ്ധി മിഷന്റെ ലക്ഷ്യമാണ്.

2. തിരുവനന്തപുരം എൽ എം. എസ് കോമ്പൗണ്ടിൽ വച്ച് നവംബർ 01 മുതൽ 07 വരെ രുചിമേളവുമായി കേരളീയം 2023. ഭക്ഷണപ്രിയർക്കായി നാട്ടുരുചികളൊരുക്കാൻ കേരളീയം ഭക്ഷ്യമേള. നവംബർ ഒന്നുമുതൽ ഏഴുവരെ തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന മലയാളത്തിന്റെ മഹോത്സവം കേരളീയത്തിന്റെ ഭാഗമായാണ് വിരുന്ന്. 11 വ്യത്യസ്തതരത്തിലുള്ള ഭക്ഷ്യമേളകളാണ് ഒരാഴ്ച നഗരത്തിൽ രുചിലോകം തീർക്കാനെത്തുന്നത്. തട്ടുകട ഭക്ഷണം മുതൽ പഞ്ചനക്ഷത്ര ഭക്ഷണംവരെ കേരളീയത്തിലെ സന്ദർശകർക്ക് ആസ്വദിക്കാനാകുന്ന തരത്തിലാണ് രുചിമേളം ഒരുക്കുന്നത്. കേരളത്തിലെ തനത് വിഭവങ്ങൾ അണിനിരത്തിക്കൊണ്ട് കനകക്കുന്നിൽ നടക്കുന്ന ബ്രാൻഡഡ് ഫുഡ് ഫെസ്റ്റിവൽ ആണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മേളയിലെ പ്രധാന ആകർഷണം. രാമശേരി ഇഡലി, അമ്പലപ്പുഴ പാൽപ്പായസം, തലശേരി ദം ബിരിയാണി, അട്ടപ്പാടി വനസുന്ദരി, പൊറോട്ടയും ബീഫും തുടങ്ങി കേരളത്തിന്റെ സവിശേഷമായ ഭക്ഷണങ്ങളെ ബ്രാൻഡ് ചെയ്ത് അവതരിപ്പിക്കുന്ന ബ്രാൻഡഡ് ഫെസ്റ്റിവൽ ഭക്ഷണപ്രേമികൾക്ക് രുചിയുടെ കേരളപ്പെരുമ സമ്മാനിക്കും. എ കെ ജി സെന്റർ മുതൽ സ്പെൻസർ ജങ്ഷൻവരെയും സ്പെൻസർ ജങ്ഷൻമുതൽ വാൻറോസ് ജങ്ഷൻവരെയുമുള്ള വീഥികളിലെ സ്ട്രീറ്റ് ഫുഡ് ഫെസ്റ്റും തെരുവുകലാവിരുന്നുമുണ്ടാകും. ഇവയ്ക്കു പുറമെ കനകക്കുന്നിലെ സൂര്യകാന്തിയിൽ പാചകമത്സരവും വ്ളോഗർമാരുമായുള്ള ചർച്ചയും സംഘടിപ്പിക്കും. ഫുഡ് വ്ളോഗർമാരുമായി കൂടിക്കാഴ്ച 10ന് കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഭക്ഷ്യമേളയ്ക്കു മുന്നോടിയായി കേരളത്തിലെ പ്രശസ്ത ഫുഡ് വ്ളോഗർമാരുടെ സംഗമം സംഘടിപ്പിക്കും. കേരളീയം സ്വാഗതസംഘം കമ്മിറ്റി ചെയർമാനായ മന്ത്രി വി ശിവൻകുട്ടിയുമായി 10ന് വൈകിട്ട് 4.30ന് മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിലാണ് യോഗം.

3. കാർഷിക സർവകലാശാല, കാർഷിക കോളേജ്, പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കാബേജ്, കോളിഫ്ളവർ തൈകൾ വില്പനയ്ക്ക് ലഭ്യമാണ്. സമയം രാവിലെ 9 മണി മുതൽ 4.30 വരെ. ഫോൺ നമ്പർ: 9188248481

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ റബ്ബർ ടാപ്പിംഗ് മെഷീൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രദർശനവും, പ്രായോഗിക പരിശീലനവും വിവിധയിടങ്ങളിലായി സംഘടിപ്പിക്കുന്നു. കൊല്ലം ജില്ലയിലെ ആദ്യ പരിശീലനം പുനലൂർ കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന അഗ്രോ ഐ.ടി.ഐ യിൽ 2023 ഒക്ടോബർ 17-ാം തീയതി രാവിലെ സംഘടിപ്പിക്കുന്നതാണ്. കർഷകർക്കും, ടാപ്പിംഗ് തൊഴിലാളികൾക്കും ഇതിൽ സൗജന്യമായി പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 7558880463 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണമെന്ന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

5. ഫിഷറീസ് വകുപ്പിലൂടെ തൃശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പ്രധാൻ മന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി പ്രകാരം വിവിധ മത്സ്യകൃഷി പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യ ഭവനുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി ഒക്ടോബർ 16. വിശദവിവരങ്ങൾക്ക് 0487 2421090, 9746595719 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പശു യൂണിറ്റ്, വ്യക്തിഗത വാണിജ്യ ഡയറി ഫാമുകൾക്കും, യുവാക്കൾക്കായുള്ള സ്മാർട്ട് ഡയറി ഫാമുകൾക്കും ക്ഷീരലയം (തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), ക്ഷീരതീരം (മത്സ്യ/ കയർ മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), കാലി തൊഴുത്ത് നിർമ്മാണം, ഡെയറി ഫാം ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, വാണിജ്യ അടിസ്ഥാനത്തിലുള്ള ഫാമുകൾ എന്നിവയ്ക്കായി ധനസഹായം നൽകുന്നു. താല്പര്യമുള്ളവർക്ക് ക്ഷീരശ്രീ പോർട്ടൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

## പരിശീലന പരിപാടി

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **കാട വളർത്തൽ** എന്ന വിഷയത്തിൽ ഈമാസം 17ന് രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ മാസം 16 ന് പോത്തുകുട്ടി പരിപാലനം എന്ന വിഷയത്തിലും 30, 31 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണെന്ന് കുടപ്പനക്കുന്ന് പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ അറിയിച്ചു.

9. റബ്ബറിന് വളമിടുന്നതിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ഓൺലൈൻ പരിശീലനം നടത്തുന്നു. 2023 ഒക്ടോബർ 20-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺനമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് "കൂൺ കൃഷി" എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഈ മാസം 20ന് (20.10.2023) രാവിലെ 10 മണിയ്ക്ക് സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9383470802, 0481-2523164

11. **കാർഷിക നിർദ്ദേശം**

തെങ്ങിൽ -മഞ്ഞളിപ്പ് രോഗത്തിന് തെങ്ങൊന്നിന് 1 കിലോ കുമ്മായം 1 കിലോ ഡോളോമൈറ്റ് ചേർക്കുക. രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് തടത്തിൽ 200 ഗ്രാം ബോറാക്സ്, 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 100 ഗ്രാം സിങ്ക് സൾഫേറ്റ് എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. കൂടാതെ തെങ്ങൊന്നിന് രണ്ടു കിലോ വീതം പൊട്ടാഷും ചേർക്കുക.

**മൃഗസംരക്ഷണ നിർദ്ദേശം -കോഴികളിൽ ന്യൂകാസിൽ രോഗം അല്ലെങ്കിൽ റാണിഖേത് രോഗം -**

ന്യൂകാസിൽ രോഗം അല്ലെങ്കിൽ റാണിഖേത് രോഗം ഒരു പാരാ-മൈക്സോ വൈറസ് മൂലമുണ്ടാകുന്ന പക്ഷികളിൽ മാത്രം കണ്ടുവരുന്ന പകർച്ചവ്യാധിയാണ്. ഈ അണുബാധയുടെ ഫലമായി ശ്വാസംമുട്ടലും ചുമയും, ചിറകുകൾ തൂങ്ങിക്കിടക്കുന്നതും, കാലുകൾ വലിച്ചുനടക്കുന്നതും, തലയും കഴുത്തും വളച്ചൊടിക്കുക, വട്ടത്തിൽ നടക്കുക, വിശപ്പില്ലായ്മ, പൂർണ്ണമായ തളർവാതം. പ്രതിരോധമാർഗ്ഗമായി പക്ഷികൾക്കും കോഴിക്കൂടുകൾക്കും പൂർണ്ണമായ ശുചിത്വം ഉറപ്പാക്കുക. ഇൻട്രാനാസലിയോ ഇൻട്രാക്യുലർ ആയോ കുടിവെള്ളത്തിൽ നൽകുന്ന ലൈവ് ബി1, ലാ സോട്ട എന്നിവയുടെ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുക.